**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ്- ജീവനക്കാര്യം - ഗവൺമെന്റ് ഓറഞ്ച് ആന്റ് വെജിറ്റബിൾ ഫാം നെല്ലിയാമ്പതിയിലെ സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട് കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീ.ജോൺസൺ പുറവക്കാടിനെതിരായ അച്ചടക്ക നടപടി - സത്വര അന്വേഷണം നടത്തുന്നതിന് **KSR Part III Rule 3(b)** പ്രകാരം അന്വേഷണം നടത്തുന്നതിന് - അന്വേഷണ ഉദ്യോഗസ്ഥനെ നിയമിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.**752/2024/AGRI** തീയതി,തിരുവനന്തപുരം, **11-08-2024**

---

പരാമർശം:-

1. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ **30/12/2021** ലെ **SVC (4) 6263/2021 (3)** നമ്പർ കത്ത്.
2. സ.ഉ.(സാധാ)നം.**108/2022**/കൃഷി തീയതി **11/02/2022** നമ്പർ ഉത്തരവ്.
3. സ.ഉ.(സാധാ)നം.**295/2022**/കൃഷി തീയതി **08/04/2022** നമ്പർ ഉത്തരവ്
4. **14/06/2022** ലെ കൃഷി-ഇഎ**3/2/2022**/കൃഷി നമ്പർ കാരണം കാണിക്കൽ നോട്ടീസ്
5. **26/07/2022** തീയതിയിൽ ശ്രീ.ജോൺസൺ പുറവക്കാട് സമർപ്പിച്ച പ്രതിവാദ പത്രിക
6. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ **31/08/2022** ലെ **ADFW/6263/2021-SVC(4)**നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റിലെ സീനിയർ ഫിനാൻസ് ഓഫീസർ **19.03.2021, 20.03.2021** തീയതികളിൽ പാലക്കാട് നെല്ലിയാമ്പതി ഗവൺമെന്റ് ഓറഞ്ച് ആന്റ് വെജിറ്റബിൾ ഫാമിൽ പരിശോധന നടത്തിയപ്പോൾ നിരവധി സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തിയതിനെ തുടർന്ന് സ്പെഷ്യൽ വിജിലൻസ് സെൽ അന്വേഷണത്തിന്

ശുപാർശ ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് വിജിലൻസ് ഓഫീസറുടെ (ധനകാര്യം) നേതൃത്വത്തിൽ പ്രസ്തുത ഫാമിൽ പരിശോധന നടത്തുകയും സീനിയർ ഫിനാൻസ് ഓഫീസറുടെ കണ്ടെത്തലുകൾ സാധൂകരിക്കുന്ന തരത്തിലുള്ള സാമ്പത്തിക ക്രമക്കേടുകളുള്ളതായി വ്യക്തമായതിനെത്തുടർന്ന് പരാമർശം (2) പ്രകാരം ശ്രീ.ജോൺസൺ പുറവക്കാടിനെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യുവാൻ ഉത്തരവായിരുന്നെങ്കിലും ടിയാൾ 31.01.2022-ൽ സേവനത്തിൽനിന്ന് വിരമിച്ചിരുന്നതിനാൽ ടി ഉത്തരവ് **പരാമർശം (3)** പ്രകാരം റദ്ദ് ചെയ്യുകയും ടിയാനെതിരെ, KSR Part 111 Rule 3(b) പ്രകാരം അച്ചടക്ക നടപടികൾ ആരംഭിച്ച് **പരാമർശം (4)** പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ആയതിന് ടിയാൾ **പരാമർശം (5)** പ്രകാരം പ്രതിവാദ പത്രിക ലഭ്യമാക്കുകയും ചെയ്തിരുന്നു.

2. പരാമർശം (1) പ്രകാരമുള്ള അന്വേഷണ റിപ്പോർട്ടും ശ്രീ ജോൺസൺ പുറവക്കാട് സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ വകുപ്പ് ഡയറക്ടർ പരാമർശം (6) പ്രകാരം ലഭ്യമാക്കിയ അഭിപ്രായവും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ജോൺസൺ പുറവക്കാട്ട് ഒരു ഫാം സൂപ്രണ്ട് നിർവഹിക്കേണ്ട ചുമതലകൾ യഥാവിധി നിർവഹിക്കാതെ അലംഭാവം കാട്ടിയതായും കൃത്യനിർവഹണത്തിൽ വീഴ്ച വരുത്തിയതായും ബോധ്യപ്പെട്ടിട്ടുള്ളതിനാൽ ടിയാൾക്കെതിരെയുള്ള അച്ചടക്ക നടപടി പൂർത്തീകരിയ്ക്കുന്നതിനായി ടി ഉദ്യോഗസ്ഥനെതിരെ സംയുക്ത അന്വേഷണം നടത്തുന്നതിന് KSR Part III Rule 3(b) പ്രകാരം അന്വേഷണ ഉദ്യോഗസ്ഥനായി അഡീഷണൽ ഡയറക്ടർ ശ്രീ തോമസ് സാമുവലിനെ നിയമിച്ചു കൊണ്ട് ഉത്തരവാകുന്നു. അന്വേഷണ റിപ്പോർട്ട് 2024 സെപ്റ്റംബർ 8 - നകം സമർപ്പിയ്ക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബാലഗോപാൽ കെ കെ

അഡിഷണൽ സെക്രട്ടറി

ശ്രീ തോമസ് സാമുവൽ, അഡീഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.

ശ്രീ.ജോൺസൺ പുറവക്കാട് (കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ

മുഖാന്തിരം)

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

കരുതൽ സഞ്ചയം / ഓഫീസ് കോപ്പി **(AGRI-EA3/2/2022-AGRI)**

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ